# സന്ദേശനിലയം

## ചങ്ങനാശേരി അതിരൂപത

## സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ

Date: 01.02.2026
11.00 AM -1.00 PM

ക്ലാസ്സ് - VI

മാർക്ക് : 50

**I. ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** **1X10 = 10**

1. ചുംബനത്താൽ ഒറ്റിക്കൊടുക്കാൻവന്ന യൂദാസിനെ ഈശോ വിളിച്ചത് എങ്ങനെ ?
   (പിതാവേ, സ്നേഹിതൻ, ഗുരു)
2. ആരാണ് ഈശോയുടെ കല്ലറയുടെ കല്ല് ഉരുട്ടിമാറ്റിയത് ?
   (മഗ്ദലനമറിയം, കർത്താവിന്റെ ദൂതൻ, പത്രോസ്)
3. ഈശോ എന്താണ് എമ്മാവൂസിലേയ്ക്ക് പോയ ശിഷ്യന്മാർക്ക് ആദ്യം പങ്കുവച്ച് നല്കിയത് ?
   (ദൈവവചനം, അപ്പം, ജലം)
4. എന്താണ് ദൈവിക വെളിപ്പെടുത്തലിനുള്ള പ്രത്യുത്തരം ?
   (ഉപവി, വിശ്വാസം, സന്തോഷം)
5. എന്താണ് സുവിശേഷസന്ദേശത്തിന്റെ ലക്ഷ്യം ?
   (ദൈവാനുഗ്രഹങ്ങൾ, മനുഷ്യന്റെ നിത്യരക്ഷ, ദാനധർമ്മം)
6. രൂപാന്തരീകരണ വേളയിൽ പ്രത്യക്ഷപ്പെട്ട മോശയും ഏലിയായും എന്തിനെയെല്ലാം പ്രതിനിധീകരിക്കുന്നു ?
   (നന്മയും തിന്മയും, സ്നേഹത്തേയും ത്യാഗത്തേയും, നിയമത്തേയും പ്രവാചകന്മാരെയും)
7. ഏത് ദിവസമാണ് തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തെ അനുസ്മരിക്കുന്നത് ?
   (ജൂലൈ 3, നവംബർ 21, ഡിസംബർ 18)
8. 2026 സീറോമലബാർസഭ ഏത് വർഷമായിട്ടാണ് ആചരിക്കുന്നത് ?
   (കരുണയുടെ വർഷം, പ്രത്യാശയുടെ വർഷം, സമുദായിക ശക്തീകരണ വർഷം)
9. വെളിപാട് പുസ്തകം എഴുതിയത് ?
   (വി. പത്രോസ്, വി. യോഹന്നാൻ, വി. പൗലോസ്)
10. ഭാരതത്തിൽ മിഷനറിയായി രക്തസാക്ഷിത്വം വരിച്ച കേരളീയ സന്യാസിനി ?
    (മദർ ഷന്താൾ, വി. അൽഫോൻസാമ്മ, വാഴ്ത്തപ്പെട്ട റാണി മരിയ)

**II. വചനഭാഗം പൂരിപ്പിച്ച് എഴുതുക** **1X5 = 5**

11. ''നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. കാണാതെ വിശ്വസിക്കുന്നവർ ..................................................'' (യോഹ. 20 : 29).
12. ''ആകാശത്തിനു കീഴെ മനുഷ്യരുടെ ഇടയിൽ നമുക്ക് ........................ വേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല'' (അപ്പ. 4 : 12).
13. ''കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ....................... സ്നേഹിക്കുവാൻ സാധിക്കുകയില്ല'' (1 യോഹ. 4 : 20).
14. ''നിങ്ങൾ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ ................... നിങ്ങളോടും ഇതുപോലെ തന്നെ പ്രവർത്തിക്കും'' (മത്താ. 18 : 35).
15. ''ലോകത്തിന്റെ .................................................. നു വേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാണ്'' (യോഹ. 6 : 51)

*P.T.O*

**III. ചേരുംപടി ചേർത്തെഴുതുക** **1X5 = 5**

| | | |
|---|---|---|
| 16. വിശുദ്ധ കുർബാന | - | പരിശുദ്ധാത്മാവിന്റെ സുവിശേഷം |
| 17. തിരുനാളുകളുടെ തിരുനാൾ | - | പാത്മോസ് ദ്വീപ് |
| 18. തോമ്മായുടെ നടപടികൾ | - | ജീവന്റെ അപ്പം |
| 19. വെളിപാട് പുസ്തകം | - | അപ്രമാണിക ഗ്രന്ഥം |
| 20. അപ്പസ്തോല പ്രവർത്തനം | - | ഉയിർപ്പുതിരുനാൾ |

**IV. ബൈബിൾ ഭാഗങ്ങളെ അടിസ്ഥാനമാക്കി ഉത്തരമെഴുതുക** **4X3 = 12**

21. പന്തക്കുസ്താ ദിനത്തിൽ ശ്ലീഹന്മാർക്കുണ്ടായ അനുഭവം വിവരിക്കുക.
22. ''നിങ്ങൾ ഈ ദൈവാലയം നശിപ്പിക്കുക. മൂന്ന് ദിവസത്തിനകം ഞാനിത് പുരനുദ്ധരിക്കും'' (യോഹ. 2 : 19). സൂചിതസന്ദർഭം വിവരിക്കുക.
23. എപ്പോഴാണ് എമ്മാവൂസിലേയ്ക്ക് പോയ ശിഷ്യർ ഈശോയെ തിരിച്ചറിഞ്ഞത് ?

**V. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക** **4X3 = 12**

24. ശ്ലീഹന്മാർ ഏറ്റെടുത്ത പ്രേഷിതദൗത്യം എന്ത് ?
25. കൈത്താക്കാലം നമ്മെ അനുസ്മരിപ്പിക്കുന്നത് എന്ത് ?
26. ഉത്ഥിതനായ ഈശോയെ മറ്റ് ശിഷ്യർ കണ്ടുവെന്നറിഞ്ഞപ്പോൾ തോമ്മാശ്ലീഹായുടെ പ്രതികരണം എന്തായിരുന്നു ?

**VI. ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക** **6X1 = 6**

27. നിങ്ങളുടെ ഇടവകയിലെ പീഡാനുഭവവെള്ളി ആചരണത്തെക്കുറിച്ച് വിവരിക്കുക.
28. മാർ തോമ്മാശ്ലീഹായുടെ രണ്ടാം പ്രേഷിത യാത്രയെക്കുറിച്ച് ഒരു ചെറു വിവരണം നല്കുക.